DECEMBER 2024 **U/ID 30730/ULD3A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. പെറ്റമ്മയാം പാരിനു മാലണയ്പ്പൂ - ആര്? എങ്ങനെ മറയണമെന്നാണ് കവി പറയുന്നത്?

2. ക്രൂരദാഹം പോക്കുകെന്നോ നിൻനിദേശം ദേവി? - എങ്ങനെ? ആരുടെ ദാഹം?

3. എത്ര ദുർബലനായ വേടൻ - ഇവിടെ അർത്ഥമാക്കുന്നതെന്ത്?

4. ഘോരതമസ്സിലേക്കൊട്ടൊട്ടു നീങ്ങി ഞാൻ - എപ്പോൾ, എന്തുകൊണ്ട്?

5. എവിടെ മാന്തളിർ ചാർത്തുവാൻ സമയമായി എന്നാണ് കവിയുടെ അഭിപ്രായം? എങ്ങനെ പറന്നുവരുമെന്ന് പറയുന്നു?

6. വിണ്മലർത്തോപ്പിലെപ്പൊൻപനിനീർപ്പൂവെ-

   ന്നുന്മുഖനായരുൾ ചെയ്തുതാനും! - ആര്? ആരെക്കുറിച്ച്?

7. ചിതൽ തിന്ന പുറവാതിലിൽക്കൂടിയലഞ്ഞു- എന്ത്? സന്ദർഭമേത്?

8. തെല്ലൊരു തുണ മതി, യൊന്നു പിടിക്കൂ - ആരോടാണ് പറയുന്നത്? എപ്പോൾ?

9. രണ്ടാമൻ തിന്നപ്പെടുന്നു - ആരെയാണിവിടെ അർത്ഥമാക്കുന്നത്?

10. ഏതോ ചിറകു മുളയ്ക്കും - എന്തിന്?

11. നിൻ ശ്രീകാൽത്താരിണയടിയങ്ങൾ കുമ്പിടുന്നു - ആരുടെ കാലുകൾ? കവിതയേത്?

12. നിനക്കു വേണ്ടതു സ്വാതന്ത്ര്യമല്ലേ, ഇവിടെ അതേയുള്ളൂ - എങ്ങനെ?

PART B — ($5 \times 5 = 25$ marks)

അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. ഇടപ്പള്ളിയുടെ കവിതകളുടെ സവിശേഷതകൾ മണിനാദത്തിൽ കാണാം. വിശദമാക്കുക.

14. സർവേ ഓഫ് ഇന്ത്യയിലെ പച്ചയായ യാഥാർത്ഥ്യങ്ങൾ കവിതയെ തീക്ഷ്ണസൗന്ദര്യമുള്ളതാക്കുന്നു - ചർച്ച ചെയ്യുക.

15. മലയാള കവിതയ്ക്ക് ഒരു കത്ത് എന്ന കവിത ഏതുതരം വേവലാതികളെക്കുറിച്ചാണ് പറയുന്നത്?

16. ഭാരതത്തിൽ നിലനിന്നിരുന്ന മതസൗഹാർദ്ദവും പരസ്പരബഹുമാനവും കാണിച്ചുതരുന്ന കവിതയാണ് ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി - വിലയിരുത്തുക.

17. കളിയച്ഛൻ എന്ന കവിത പശ്ചാത്താപം, പാപബോധം എന്നിവയെ ആവിഷ്കരിക്കുന്നു - വിശദമാക്കുക.

18. ഗജേന്ദ്രമോക്ഷം അഹന്ത മൂലമുണ്ടാകുന്ന ആപത്തിനെയാണ് കാണിക്കുന്നത് - ഈ അഭിപ്രായം സമർത്ഥിക്കുക.

19. പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ എന്ന കവിതയ്ക്ക് ഒരാസ്വാദനം എഴുതുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. പെരുന്തച്ചൻ എന്ന കവിതയിൽ പശ്ചാത്താപ വിവശനായ പിതാവിന്റെ മാനസികാവസ്ഥയാണ് ആവിഷ്കരിക്കുന്നത് - വിലയിരുത്തുക.

21. മനശ്ശാസ്ത്രജ്ഞന്റെ ഉൾക്കാഴ്ചയോടെ അച്ഛനും മച്ചനും തമ്മിൽ ഒരേ വ്യക്തിയിൽ ഏറ്റുമുട്ടുന്ന അനുഭവത്തെ ആവിഷ്കരിക്കാൻ ജി. ശങ്കരക്കുറുപ്പിന് സാധിക്കുന്നതെങ്ങനെ? വിശദീകരിക്കുക.

22. സൗന്ദര്യാവിഷ്കാരം കാവ്യകലയിൽ അനിവാര്യമാണെന്ന് കവിതയിലൂടെ വ്യക്തമാക്കുന്നതെങ്ങനെ? വിശദമാക്കുക.

23. ആത്മനിഷ്ഠത പുതുകവിതകളുടെ മുഖമുദ്രയാണ് - ഈ അഭിപ്രായം ശരിയോ? വിലയിരുത്തുക.

24. കവിതകൾ എക്കാലവും മനുഷ്യന്റെ ബാഹ്യവും ആന്തരികവുമായ പ്രശ്നങ്ങളിലേക്ക് കടന്നു ചെല്ലുന്നു - പുതിയ കാലത്തെ കവിതകളെ ആസ്പദമാക്കി ഉപന്യസിക്കുക.
